# മാതാ(പിതാ)ക്കളോട് ആദരപൂർവം

ആറാം ക്ലാസുകാരിയെ എട്ടാം ക്ലാസുകാരൻ പിടിച്ചു പെരുമാറിയതായി കഴിഞ്ഞ ദിവസം പത്രത്തിൽ കണ്ടു. പടിഞ്ഞാറൻ ജീവിതശൈലി ഇഷ്ടപ്പെടുന്നവർക്കത് നോർമൽ.

ഇന്നലെ സുഹൃത്തിന്റെ വീട്ടിൽ കുട്ടികൾക്കായി മോറൽ സയിൻസുമായി ബന്ധപ്പെട്ട ഒരു സി.ഡി. ഇട്ടുകൊടുത്തു. ഉടനെ മൂന്നു വയസ്സുകാരി ഇളയ കൊച്ചിന്റെ വക തിരിച്ചടി: അത് വേണ്ടാ, മുത്തം വെക്ക്ണ ഫോട്ടോണ്ടെങ്കിൽ ഇട്ടാൽ മതി.'' (അവളുടെ രക്ഷിതാക്കൾ ക്ഷമിക്കണം. കുറ്റപ്പെടുത്തിയതല്ല.)

ഒരു കുഞ്ഞിനെ പോറ്റിവളർത്താൻ മാതാവ് സഹിക്കുന്ന പ്രയാസത്തെ അളക്കുവാൻ ലോകത്തെ ഒരു യന്ത്രത്തിനും സാധിക്കുകയില്ല. അവൾക്ക് എന്ത് പ്രതിഫലം നൽകിയാലും അതിന് പകരവുമാകില്ല. അതിനാലാണ് പുരുഷന് ഇല്ലാത്ത വിധം ''മഹതി, വനിത'' എന്നീ നാമങ്ങൾ നൽകി സ്ത്രീയെ ആദരിച്ചത്.

കുഞ്ഞ് വളർന്നു യുവാവായി. മാതാപിതാക്കൾ വൃദ്ധരും രോഗികളുമായി. ഇപ്പോൾ അവന്റെ ശ്രദ്ധയും പരിചരണവും അവർക്ക് ഏറെ ആവശ്യമുണ്ട്. പക്ഷേ, അവരുടെ ഉള്ള സ്വസ്ഥതയും കെടുത്തി അവൻ തിരിഞ്ഞുനോക്കാതെ കൂട്ടുകാരോടൊപ്പം താന്തോന്നിത്തം നടക്കുകയാണ്. നാട്ടിലെ എല്ലാ കുറ്റകൃത്യങ്ങളിലും വേണ്ടാത്തരങ്ങളിലും അവനുണ്ട്. അവർ അവന്റെ കാര്യത്തിൽ വേദനിക്കും. ആവലാതി പറയും. നന്ദികെട്ടവൻ എന്നു പറയും. അതിനപ്പുറം എന്തു ചെയ്യാനാകും?

അവൻ ഒരു മകൻ മാത്രമേയുള്ളൂ. ഒരു ദിവസം പിതാവ് മരണപ്പെട്ടു. അദ്ദേഹം നല്ല നിലക്ക് ശ്രദ്ധിച്ചിരുന്ന വീട്ടുകാര്യങ്ങൾ മുഴുവൻ ഇനി അവൻ തന്നെ ശ്രദ്ധിക്കണം. പക്ഷേ, അവൻ ഏത് നേരവും ചീത്ത കൂട്ടുകെട്ടിലാണ്. മാതാവിനാണെങ്കിൽ പ്രായവുമായിരിക്കുന്നു. അവരെപ്പോലും അവൻ ശ്രദ്ധിക്കുന്നില്ല. ആരെയും അനുസരിക്കുന്നുമില്ല. അവരെന്തു ചെയ്യും? കുറേ കരഞ്ഞു പറയും. ചീത്ത പറയും. ഒരു കാര്യവുമില്ല. അതിനാണോ മക്കളെ പോറ്റുന്നത്?

കുട്ടികളുടെ ഈ അവസ്ഥയിൽ മാതാക്കൾ നിസ്സഹായരാണോ? മുകളിൽ സൂചിപ്പിച്ചതു പോലുള്ള കുറ്റകൃത്യങ്ങളിൽ അവർ പ്രതികളാകുമ്പോൾ അപ്പോഴും ഈ നിസ്സംഗതയാണോ ഉണ്ടാവുക? 'അടിച്ചു അവന്റെ തൊലി ഞാനുരിക്കും' എന്ന് ചിലർ വികാരം കൊള്ളും. അതിന്റെയൊന്നും ആവശ്യമില്ല. ഒറ്റ ചോദ്യമേ ഞാൻ ചോദിക്കുന്നുള്ളൂ: ആണായാലും പെണ്ണായാലും തെറ്റുകുറ്റങ്ങളിൽ ഏർപ്പെടാനുള്ള മനസ്സ് കുട്ടികളിൽ ഉണ്ടാകുന്നതിൽ നിങ്ങൾക്ക് ഒട്ടും പങ്കില്ലേ? നിഷേധിച്ചിട്ട് കാര്യമില്ല. രക്ഷിതാക്കൾ തന്നെയാണ് ഉത്തരവാദികൾ.

മക്കളുടെ കാര്യത്തിൽ പരിഭവിക്കുന്നവരാണ് പല മാതാക്കളും. പ്രത്യേകിച്ച് പിതാക്കന്മാർ വിദേശങ്ങളിലാണെങ്കിൽ മക്കളുടെ പുളപ്പ് കൂടും. ചെറിയ ശ്രമത്തിലൂടെ അവരുടെ വഴിവിട്ട ജീവിതരീതി മാറ്റിയെടുക്കാവുന്നതേയുള്ളൂ. അതിന്റെ ഫലം വളരെ മനോഹരവും ആശ്വാസദായകവുമായിരിക്കും. ഏതെല്ലാം കാര്യങ്ങളിൽ എന്തെല്ലാം രീതി എന്നതല്ല പറഞ്ഞുതരുന്നത്. പൊതുവായ ചില സമീപനരീതികൾ പറയുകയാണ്.

മാതാവ്/പിതാവ് എന്ന നിലക്ക് മക്കളെ അവരുടെ ഏത് പ്രായം വരെ നിങ്ങൾക്ക് ഓമനിക്കാൻ/അഗാധമായി സ്നേഹിക്കാൻ സാധിക്കും? പല രക്ഷിതാക്കളും കുട്ടികൾ രണ്ടു-മൂന്ന് വയസ്സാകുന്നതോടെ സ്നേഹത്തിനല്പം കുറവ് വരുത്തും. പിന്നെ എല്ലാ സ്നേഹവും അവന്റെ/അവളുടെ താഴെയുള്ള കുട്ടിക്കായിരിക്കും നൽകുക. ഈ രീതി പൊതുവിലുള്ളതാണ്. ഇവിടെയാണ് കുട്ടികളിൽ ദുർവാശി നാമ്പിടുന്നത്. വലുതാകുമ്പോൾ നഷ്ടപ്പെട്ട സ്നേഹവും സ്വാതന്ത്ര്യവും തേടി അവൻ/അവൾ പുറത്തേക്ക് പോകും. ഈ രീതി മാറ്റാൻ നിങ്ങൾ തയാറാണോ? അധികമൊന്നും വേണ്ടാ. ചില സമീപനങ്ങൾ മനപൂർവം ചെയ്താൽ മതി. അവർ എത്ര മുതിർന്നാലും എത്ര മോശപ്പെട്ട സാഹചര്യമുണ്ടെങ്കിലും ചീത്തയാകില്ല.

ഫ്രീസമയം കിട്ടുമ്പോൾ അവരെ അടുത്തിരുത്തുക. തലയിൽ തലോടാനും ഒന്ന് മുത്താനും മറക്കരുത്. മുതിർന്നു എന്നു കരുതി അതിലൊന്നും പിശുക്കരുത്. പിന്നീട് അവന്റെ കൂട്ടുകാരെക്കുറിച്ചും അവരുടെ ചുറ്റുപാടുകളെക്കുറിച്ചും അന്വേഷിക്കുക. നമുക്ക് പരിചിതരായ ചീത്ത കുട്ടികൾ അതിലുണ്ടെങ്കിൽ നേർക്കുനേരെ തുറന്നുപറയാതെ ചില അനുഭവങ്ങൾ അവരെപറ്റി കുട്ടികളോട് പറയുക. ചീത്തകൂട്ടുകെട്ടിൽ അകപ്പെടരുതെന്ന് സ്നേഹത്തോടെ പറയുക. നല്ല കുട്ടികളുടെ മാതൃകക്കായി വല്ലവരെയും ചൂണ്ടിക്കാണിക്കുക. ചീത്ത കൂട്ടുകെട്ടിന്റെയും നല്ലകൂട്ടുകെട്ടിന്റെയും വ്യത്യാസങ്ങൾ അവർക്ക് മനസ്സിലാക്കിക്കൊടുക്കുക. അവന്റെ ഗുണകാംക്ഷികളായി മാറാൻ രക്ഷിതാക്കൾക്ക് സാധിക്കണം. മാതാപിതാക്കൾ തന്നെ ഏറെ സ്നേഹിക്കുന്നുണ്ടെന്നും താൻ മോശമാകുന്നതിൽ അവർ വേദനിക്കുന്നുണ്ടെന്നും അതിലൂടെ കുട്ടികൾക്ക് ബോധ്യമാകണം.

ഒരു ദിവസം കുറച്ചു നേരമെങ്കിലും അവരുടെ കൂടെയിരിക്കണം. സംസാരത്തിനും ജോലിക്കുമൊക്കെ അതാകാം. പ്രായത്തിനനുസരിച്ച് വിവിധ മേഖലകളിലാണ് ഈ കൂടിയിരുത്തം ഉണ്ടാക്കേണ്ടത്. അഞ്ച് മുതൽ പത്ത് വയസ്സു വരെയുള്ള കുട്ടികളെ തന്റെ കൂടെ ഏതെങ്കിലും പ്രവൃത്തികളിൽ കൂട്ടുക. ആജ്ഞയുടെ സ്വരത്തിലല്ല ഈ പങ്കാളിത്തം. സ്നേഹത്തിന്റെ സമീപനത്തിലൂടെയായിരിക്കണം അത്. അവർക്ക് വീടിനോട് പ്രതിപത്തിയും ഉതരവാദിത്തബോധവുമുണ്ടാക്കാനും അതുപകരിക്കും. അതിലും മുതിർന്ന കുട്ടികളാണെങ്കിൽ വീട്ടിലെ ചില്ലറ കാര്യങ്ങൾ അവരെ ഏല്പിക്കുക. അവർ ചെയ്യുന്ന കാര്യങ്ങളെ പിന്നീട് നിരൂപണം ചെയ്യുക. അപാകതകളെ സ്നേഹത്തോടെ തിരുത്തുക. ചെയ്യുന്ന ശരികളിൽ അവരെ പ്രശംസിക്കാനും മറക്കരുത്. ഗൗരവബോധം അവരിൽ ഊട്ടിയുറപ്പിക്കാൻ അത് ഉപകരിക്കും.

വ്യക്തിത്വ സംസ്കരണവുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ അവർക്ക് സ്നേഹത്തോടെ ലഘുവായ നിർദേശങ്ങൾ നൽകണം. വസ്ത്രം എങ്ങനെ ധരിക്കണം, സാധനങ്ങൾ എങ്ങനെ സൂക്ഷിക്കണം, എങ്ങനെ പെരുമാറണം, മോശപ്പെട്ട സ്വഭാവങ്ങളെന്ത്, നല്ലതെന്തൊക്കെ തുടങ്ങിയ വിഷയങ്ങളിൽ അവർക്ക് ഗൈഡ്‌ലൈൻ നല്കുന്നതൊടൊപ്പം മീഡിയകളുടെ ഉപയോഗത്തിൽ അവർക്ക് തികഞ്ഞ കാഴ്ചപ്പാടുമുണ്ടാക്കണം. ഇന്നത് കാണണം, ഇന്നത് കാണരുത് എന്നതിനെപ്പറ്റി അവർക്ക് അവബോധമുണ്ടാക്കണം. ഈ കാഴ്ചപ്പാട് നൽകാത്തതിനാലാണ് 'മുത്തം വെക്കുന്ന സീനുകൾ മതി'യെന്നു കുട്ടികൾ പറയുന്നത്. മുതിർന്നവർ ഉപയോഗിക്കുന്ന മൊബൈൽ പോലുള്ള വസ്തുക്കളുടെ അമിതോപയോഗക്കെടുതിയെ പറ്റിയും അവരെ ബോധവാന്മാരാക്കണം. ഗൾഫ് പിതാക്കന്മാരാണ് അതിന് വിഘാതം.

മാതാപിതാക്കളും മക്കളുമെന്ന കേവല കാഴ്ചപ്പാടിൽ ഇതൊന്നും വിജയിക്കുകയില്ല. മക്കളോട് തികഞ്ഞ ഫ്രണ്ട്ഷിപ്പ് അതിന് ആവശ്യമാണ്. അതേയവസരം പരുക്കൻ ഭാവക്കാരനായ പിതാവും അദ്ദേഹത്തെ ഭയപ്പെടുന്ന മാതാവുമാണ് വീട്ടിനകത്തെങ്കിൽ കുട്ടികൾ സ്വാതന്ത്ര്യവും തേടി പുറത്തേക്ക് പോകും. ഭാര്യാഭർത്താക്കന്മാർക്കിടയിൽ തമാശകൾ വേണം. കുട്ടികളിലേക്കും അത് പകരണം. അവരുടെ മനസ്സ് രക്ഷിതാക്കളോട് ഒട്ടിച്ചേർന്നു നിൽക്കാൻ അത് നല്ലതാകുന്നു.

ഇടക്ക് അവരുടെ പുസ്തകങ്ങളും ബാഗും കിടപ്പുമുറിയും പരിശോധിക്കണം. അവരുടെ പഠനനിലവാരവും വൃത്തിയും കൂട്ടുകാരുമായുള്ള ബന്ധങ്ങളും മനസ്സിലാക്കാൻ അത് നല്ലതാണ്. ആവശ്യമായ നിർദേശങ്ങളും നൽകണം.

കുടുംബയോഗങ്ങൾ വിളിച്ചുകൂട്ടുകയും അവർക്ക് മനസ്സ് തുറന്ന് പറയാനുള്ള അവസരം കൊടുക്കുകയും വേണം. അവരെ പറ്റിയുള്ള അഭിപ്രായങ്ങളും അവിടെ വെച്ച് പറയണം. മൊത്തത്തിൽ എല്ലാവർക്കും മാതൃകയാകുന്ന രീതിയിലാകണം അത്. കുടുംബസംബന്ധമായ കൂടിയാലോചനകളിലും കുടുംബ സന്ദർശനത്തിലുമൊക്കെ അവരെയും പങ്കെടുപ്പിക്കണം. കുടുംബരംഗത്ത് തനിക്ക് ഏറെ പ്രാധാന്യമുണ്ടെന്ന് അവരെ ബോധ്യപ്പെടുത്താനും കുടുംബത്തോട് കൂറും സ്നേഹവും ഉണ്ടാക്കുവാനും അത് ഉപകരിക്കും. മാതാപിതാക്കളെ അനുസരിക്കുകയും താഴെയുള്ളവരോട് കനിവ് കാണിക്കുകയും മുതിർന്നവരെ ബഹുമാനിക്കുകയും ചെയ്യുന്ന കുടുംബാന്തരീക്ഷം വീട്ടിനകത്ത് ഉണ്ടാക്കാൻ മാതാപിതാക്കൾ ശ്രദ്ധിക്കണം. പുറമെയുള്ള ചീത്ത കൂട്ടുകെട്ടിൽനിന്ന് ഇത് ഒരു പരിധിവരെ അവരെ തടയും.

കുട്ടികൾ അറിഞ്ഞുകൊണ്ടു തന്നെ അവരുടെ അധ്യാപകരുമായി നല്ല ബന്ധം ഉണ്ടാക്കാൻ രക്ഷിതാക്കൾ കാര്യമായി ശ്രദ്ധിക്കണം. പഠനത്തിനും സ്വഭാവദൂഷ്യത്തിൽനിന്നും മോശപ്പെട്ട കൂട്ടുകെട്ടിൽനിന്നും അവരെ തടയാനും അത് ഏറെ ഉപകരിക്കും.

കുട്ടികളെ വേണ്ടവിധത്തിൽ സ്നേഹിക്കുക. മാർഗദർശനത്തോടുകൂടി അവരെ നയിക്കുക. വാർധക്യത്തിൽ സ്വാസ്ഥ്യം കെടുത്താത്ത, ഉപകാരപ്പെടുന്ന മക്കളെ ലഭിക്കാൻ അത് ഉപകരിച്ചേക്കാം.